**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 922** **09-10-2024 - ൽ മറുപടിയ്ക്ക്**

**വനം വകുപ്പിന്റെ അധീനതയിലുള്ള ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പത്തനംതിട്ട ജില്ലയിൽ റാന്നി വനം ഡിവിഷനിൽ റാന്നി റേഞ്ചിൽ കരികുളം ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ വരുന്നതും റാന്നി താലൂക്കിൽ ചേത്തക്കൽ വില്ലേജിൽ വട്ടകപ്പാറ ഭാഗം ഉൾക്കൊള്ളുന്നതുമായ റീസർവ്വേ ബ്ലോക്ക് 15-ൽ പഴയ സർവ്വേ 781/1-1 ൽപ്പെട്ടതും റീസർവ്വേ 3/2, 4/2, 4/3, 4/4, 14/1, 23, 25, 26 /7, 27/3, 28/1 എന്നീ നമ്പറുകളിൽ ഉൾപ്പെട്ടതുമായ ഭൂമി വനം വകുപ്പിന്റെ കൈവശത്തിലും കൈകാര്യകർതൃത്വത്തിലുമുള്ളതാണോ; വിശദമാക്കാമോ; | (എ) | പത്തനംതിട്ട ജില്ലയിൽ റാന്നി വനം ഡിവിഷനിൽ റാന്നി റേഞ്ചിൽ കരികുളം ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ വരുന്നതും റാന്നി താലൂക്കിൽ ചേത്തക്കൽ വില്ലേജിൽ വട്ടകപ്പാറ ഭാഗം ഉൾക്കൊള്ളുന്നതുമായ സർവ്വേ നമ്പർ 781/1-1-ൽ പ്പെട്ട മുഴുവൻ ഭാഗങ്ങളും 779/1-ന്റെ ഏതാനും ഭാഗങ്ങളും ചേത്തക്കൽ റിസർവ്വിൽ ഉൾപ്പെട്ടു വരുന്നുവെന്ന് ചേത്തക്കൽ റിസർവ്വ് വിജ്ഞാപനത്തിൽ വ്യക്തമാക്കുന്നുണ്ട്. മാത്രവുമല്ല റവന്യൂ സെറ്റിൽമെന്റ് രജിസ്റ്ററിലും റവന്യൂ പുറമ്പോക്ക് രജിസ്റ്ററിലും 781/1 റിസർവ്വ് വനം എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. അപ്രകാരം മേൽപ്പറഞ്ഞ 781/1-1-ൽപ്പെട്ട നോട്ടിഫൈഡ് വനഭൂമി വനംവകുപ്പിന്റെ കൈവശത്തിലുള്ളതാണ്. റീസർവ്വേ പൂർത്തീകരിച്ച് അന്തിമമായി പ്രസിദ്ധീകരിച്ചിട്ടില്ലാത്ത സ്ഥിതിക്ക് റീസർവ്വേ 3/2, 4/2, 4/3, 4/4, 14/1, 23, 25, 26/7, 27/3, 28/1 എന്നീ നമ്പരുകളിൽ ഉൾപ്പെട്ട ഭൂമിയെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. |
| (ബി) | 2019ൽ വട്ടകപ്പാറ ഭാഗത്ത് മരം മോഷണം നടന്നത് മേൽ വിവരിച്ച ഏതെങ്കിലും സർവ്വേ നമ്പറിൽപ്പെട്ട ഭൂമിയിൽ ആണോ; വ്യക്തമാക്കുമോ; | (ബി) | 2019 ൽ വട്ടകപ്പാറ ഭാഗത്ത് 781/1-1 സർവ്വേ നമ്പറിൽപ്പെട്ട നോട്ടിഫൈഡ് റിസർവ്വ് വനഭൂമിയിലാണ് മരം മോഷണം നടന്നിട്ടുള്ളത്. ഇത് സംബന്ധിച്ച് ഒ.ആർ-06/20 നമ്പറിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | ഇതു സംബന്ധിച്ച് റാന്നി പോലീസ് സ്റ്റേഷനിൽ 2019 ൽ രജിസ്റ്റർ ചെയ്ത ക്രൈം കേസ് നിലവിൽ ഉണ്ടോ; എങ്കിൽ ആരുടെ പരാതി പ്രകാരം ആയിരുന്നു കേസെടുത്തതെന്ന് വിശദമാക്കുമോ; | (സി) | ഉണ്ട്. ചേത്തക്കൽ വില്ലേജ് ഓഫീസറുടെ പരാതി പ്രകാരമാണ് പ്രസ്തുത കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. |
| (ഡി) | റീസർവ്വെ നടപടികളുടെ ഭാഗമായി 1978 ൽ അതിരടയാള ചട്ടം 65 പ്രകാരം നിയമാനുസൃതം തയ്യാറാക്കിയ ഫീൽഡ് രജിസ്റ്ററിൽ പ്രസ്തുത സർവ്വേ നമ്പറിൽ പെട്ട ഭൂമിയുടെ ഉടമസ്ഥത, തരം എന്നിവ | (ഡി) | ചേത്തക്കൽ റിസർവ്വ് വനഭൂമിയിൽ റീസർവ്വേ പൂർത്തിയാക്കി അന്തിമ സർവ്വേ സ്കെച്ച്, റിപ്പോർട്ട് എന്നിവ പ്രസിദ്ധീകരിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | സംബന്ധിച്ച് രേഖപ്പെടുത്തിയിട്ടുള്ളത് എന്താണെന്ന് വ്യക്തമാക്കുമോ; | | |
| (ഇ) | വനം വകുപ്പ് പാട്ടത്തിന് നൽകിയ റബ്ബർ ബോർഡ് കൈവശത്തിലുള്ള ഭൂമിയുടെ അതിർത്തിയിൽ സ്ഥിതിചെയ്യുന്ന റീസർവ്വെ 3/2, 4/2, 25,26/7, 27/3, 28/1ൽ വരുന്നതും ഫീൽഡ് രജിസ്റ്റർ പ്രകാരം സർക്കാർ, പുറമ്പോക്ക്, പാറ, തരിശ് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ ഭൂമിയിൽ ഏതെല്ലാം പ്ലോട്ടുകളിലാണ് വകുപ്പ് തെറ്റായി കൈവശാവകാശ വാദം ഉന്നയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഇ) | റവന്യൂ റിക്കാർഡുകൾ പ്രകാരം റിസർവ്വ് വനമായി പ്രഖ്യാപിച്ചിട്ടുള്ള സർവ്വേ നമ്പരുകളിൽപ്പെട്ട വനഭൂമി മാത്രമേ വകുപ്പ് കൈവശം വച്ചിട്ടുള്ളൂ എന്ന കാര്യം റവന്യൂ വകുപ്പ് സമ്മതിച്ച് റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ